"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പി.എം.എ.വൈ. (ജി) -ജില്ലാ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിലെ ഐ.ടി. പ്രൊഫഷണലുകളുടെ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകിയ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1783/2022/LSGD തീയതി,തിരുവനന്തപുരം, 25-07-2022

---

പരാമർശം:-

1. സ.ഉ(പി) നം.28/2016/ധന തീയതി,26/02/2016
2. സ.ഉ (പി) നം.56/2017/ധന തീയതി,28/04/2017
3. സ.ഉ (പി) നം.112/2018/ധന തീയതി,21/07/2018
4. സ.ഉ(പി) നം.81/2019/ധന തീയതി, 07/07/2019
5. സ.ഉ(പി) നം.29/2021/ധന തീയതി, 11/02/2021
6. ഗ്രാമവികസന കമ്മീഷണറുടെ 22/01/2020.18/03/2020,09/11/2020,16/04/20220 എന്നീ തീയതികളിലെ 2066/എച്ച് & ടി 5/സിആർഡി/ നമ്പർ കത്ത്

**ഉത്തരവ്**

ഗ്രാമവികസന വകുപ്പിലെ പി.എം.എ.വൈ (ജി)യുമായി ബന്ധപ്പെട്ട് ജില്ലാ തലത്തിൽ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ഐ.ടി. പ്രൊഫഷണലുകളായ ശ്രീ.കിരൺ കമലാസനൻ, ശ്രീ.രാഹുൽ ആർ., ശ്രീമതി.അനുപ്രിയ സുധീർ, ശ്രീമതി.വീണ എം.റ്റി, ശ്രീമതി. ഗായത്രി. എസ്, ശ്രീ.ആര്യന്ത്. ഇ.ജി. എന്നിവരുടെ സേവന കാലാവധി സർക്കാർ അനുമതി കൂടാതെ ദീർഘിപ്പിച്ച് നൽ കിയ നടപടി സാധൂകരിച്ച് നൽകണമെന്നും പദ്ധതിയുടെ സുഗമമായ നടത്തിപ്പിലേക്ക് ഐ.ടി. പ്രൊഫഷണലുകളുടെ കരാറടിസ്ഥാനത്തിലുള്ള സേവന കാലാവധി അവസാനിക്കുന്ന മുറയ്ക്ക് ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ചു നൽകണമെന്നും ഗ്രാമവികസന കമ്മീഷണർ പരാമർശം (6) പ്രകാരം അപേക്ഷിച്ചിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അംഗീകൃത തസ്തികയിൽ ആണെങ്കിലും സർക്കാർ അനുമതിയില്ലാതെ 2 വർഷത്തിൽ കൂടുതൽ കരാർ വ്യവസ്ഥയിൽ തുടരാൻ

അനുവദിയ്ക്കുന്നത് ദിവസവേതന, കരാർ നിയമനങ്ങളുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. എന്നിരുന്നാലും, മേൽ ജീവനക്കാർ നിലവിലും സേവനത്തിൽ തുടരുന്ന സാഹചര്യത്തിൽ, പദ്ധതിയുടെ നിർവ്വഹണ പുരോഗതി തടസ്സപ്പെടാതിരിക്കാനാണ് കരാർ കാലാവധി ദീർഘിപ്പിച്ച് നൽകിയതെന്ന ഗ്രാമവികസന കമ്മീഷണറുടെ വിശദീകരണം കണക്കിലെടുത്ത്, നാളിതുവരെ സർക്കാർ അനുമതിയില്ലാതെ ശ്രീ.കിരൺ കമലാസനൻ, ശ്രീ.രാഹുൽ ആർ., ശ്രീമതി അനുപ്രിയ സുധീർ, ശ്രീമതി വീണ എം.റ്റി., ശ്രീമതി ഗായത്രി. എസ്, ശ്രീ.ആര്യന്ത്. ഇ.ജി. എന്നിവരുടെ കരാർ ദീർഘിപ്പിച്ച് നൽകിയ നടപടിയ്ക്ക്, ഭാവിയിൽ എല്ലാ കരാർ/ദിവസവേതന നിയമനങ്ങളും, ഇതു സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള പരാമർശം (1) മുതൽ (5) വരെയുള്ള സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മാത്രമേ നടത്താവൂ എന്ന നിബന്ധനയിൽ, സാധൂകരണം നൽകി ഉത്തരവാകുന്നു.

3. കരാർ കാലാവധി അവസാനിയ്ക്കുന്ന മുറയ്ക്ക് ആവശ്യമായ സർവ്വീസ് ബ്രേക്ക് നിർബന്ധമായും നൽകേണ്ടതാണ്. കൂടാതെ, ഒരേ വ്യക്തിയെ തന്നെ കരാർ അടിസ്ഥാനത്തിൽ ദീർഘകാലം തുടരാൻ അനുവദിക്കുന്നത്, സമാന യോഗ്യതയുള്ള മറ്റ് ഉദ്യോഗാർത്ഥികളുടെ അവസരത്തെ ബാധിയ്ക്കുമെന്നത് കൊണ്ട്, ഉചിതമല്ലാത്തതിനാൽ, നിലവിലെ കരാർ കാലാവധി തീരുന്ന മുറയ്ക്ക് പുതിയ നിയമനം നടത്തുന്നതിന്റെ സാധ്യത പരിശോധിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്: ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
വെബ് & ന്യൂമീഡിയ, ഐ & പിആർഡി
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
**Signed by Nisam N**
**Date: 25-07-2022 14:29:35**
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി